I ഇ.ബി. XIV - കേരള നിയമസഭ/XV-4

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂൺ 10, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1024-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 30-01-2019-ലെ നക്ഷത്രചിഹ്നമിടാത്ത 1024-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം തൊഴിലും എക്സൈസും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**II അറിയിപ്പ്**

അംഗങ്ങളുടെ രാജി

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന

ശ്രീ. കെ. മുരളീധരൻ 2019 മേയ് 29-ാം തീയതി പ്രാബല്യത്തിലും അരൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. എ. എം. ആരിഫ്, എറണാകുളം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ഹൈബി ഈഡൻ എന്നിവർ 2019 മേയ് 31-ാം തീയതി പ്രാബല്യത്തിലും നിയമസഭാംഗത്വം രാജിവച്ച വിവരം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## III അടിയന്തരപ്രമേയം

കർഷക ആത്മഹത്യ

മി. സ്പീക്കർ: സഹകരണ ദേശസാൽകൃത ബാങ്കുകൾ കർഷകരുടെ വായ്പാ കുടിശ്ശിക ഈടാക്കുന്നതിനായി വീടുൾപ്പെടെ ജപ്തി ചെയ്യുന്നതുമൂലമുണ്ടാകുന്ന കർഷക ആത്മഹത്യകളും രണ്ടുലക്ഷം രൂപ വരെയുള്ള കടങ്ങളെങ്കിലും എഴുതിത്തള്ളാൻ തയ്യാറാകാത്തതും മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്തതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഐ. സി. ബാലകൃഷ്ണൻ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): വരൾച്ച, ഓഖി, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ കാർഷിക മേഖലയെ സാരമായി ബാധിക്കുകയുണ്ടായി. പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ലഭിച്ച 54 കോടി രൂപയുൾപ്പെടെ 204.9905 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിലുൾപ്പെടുത്തി കേന്ദ്രസർക്കാരിൽനിന്ന് 93.39 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 10-ഉം വയനാട് ജില്ലയിൽ 5-ഉം കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക മന്ത്രിസഭായോഗവും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗവും ചേർന്ന് കർഷകരെടുത്തിട്ടുള്ള എല്ലാത്തരം വായ്പകളിന്മേലുള്ള ജപ്തിനടപടികളും 2019 ഡിസംബർ 31 വരെ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി എല്ലാ ജില്ലകളിലും പുനർജ്ജനി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രളയംമൂലം കൃഷി നശിച്ചവർക്ക് പച്ചക്കറി/നെൽവിത്തുകളും തൈകളും സൗജന്യമായി വിതരണം

ചെയ്തിട്ടുണ്ട്. ദീർഘകാലവിളകൾക്ക് പുതുതായി അനുവദിക്കുന്ന വായ്പകൾക്ക് ഒരുവർഷത്തേയ്ക്ക് 9 ശതമാനം വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പലിശ സബ്സിഡി അനുവദിക്കുന്നതിനും എല്ലാ ജില്ലകളിലേയും കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി 2014 മാർച്ച് 31 വരെ ദീർഘിപ്പിക്കുന്നതിനും സഹകരണ ബാങ്കുകളിലെ രണ്ട് ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിനും ഇടുക്കി, വയനാട് ജില്ലകളിൽ 2018 ഓഗസ്റ്റ് 31 വരെയുള്ള എല്ലാ കാർഷിക കടങ്ങളും കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: കാർഷിക മേഖലയ്ക്കായി പ്രഖ്യാപിച്ച പദ്ധതികളും പാക്കേജുകളും യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രളയക്കെടുതിയിൽപ്പെട്ട കർഷകർക്ക് യഥാസമയം സഹായമെത്തിക്കാത്തതുകൊണ്ടാണ് ആത്മഹത്യ വർദ്ധിക്കുന്നത്. കർഷകർക്കെതിരെയുള്ള ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും ആത്മഹത്യ ചെയ്ത 15 കർഷകരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിക്കണം. കാർഷികരംഗത്തെ പ്രതിസന്ധികളെക്കുറിച്ച് വ്യക്തമായ പഠനം നടത്താൻ തയ്യാറാകണം. വയനാട് പാക്കേജ് നടപ്പാക്കുന്നതിനും 8000 കുടുംബങ്ങൾക്ക് സർഫാസി ആക്ട് പ്രകാരം നൽകിയിരിക്കുന്ന നോട്ടീസ്

പിൻവലിച്ച് അവരുടെ കടം എഴുതിത്തള്ളി ആത്മഹത്യയിൽനിന്ന് രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): 2002-ൽ കേന്ദ്ര സർക്കാർ നടപ്പാക്കിയ സർഫാസി നിയമത്തിൽ സംസ്ഥാന സർക്കാരുകൾക്ക് അധികാരമില്ലാത്തതിനാലാണ് കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊമേഴ്സ്യൽ ബാങ്കുകളെ ഉൾപ്പെടുത്താൻ സാധിക്കാത്തത്. 2003-ൽ യു.ഡി.എഫ്. സർക്കാരാണ് പ്രസ്തുത നിയമം സഹകരണമേഖലയിൽ നടപ്പാക്കിയത്. ഭാവിയിൽ സർഫാസി നിയമം സഹകരണമേഖലയിൽ ബാധകമല്ലാതാക്കുന്നതിനുള്ള തീരുമാനമെടുക്കുന്നതാണ്. ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രഖ്യാപിച്ച പ്രളയാനന്തര പുനർനിർമ്മാണ പാക്കേജുകളിൽ മുൻകാലങ്ങളിലെ പാക്കേജുകളുടെ അപാകതകൾ പരിശോധിച്ച് ഫലപ്രദമായി നടപ്പാക്കുന്നതിന് പ്രതിപക്ഷത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നു. എല്ലാ ജില്ലകളിലുമുള്ള സഹകരണ ബാങ്കുകളിലെ കർഷകരുടെ 50,000 മുതൽ 2,00,000 രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള അപേക്ഷകൾ കർഷക കടാശ്വാസ കമ്മീഷൻ വഴി സ്വീകരിച്ചുവരികയാണ്. കൊമേഴ്സ്യൽ ബാങ്കുകളിലെ കടങ്ങൾ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്ന് എഴുതിത്തള്ളുന്നതിന് ആസൂത്രണ-കൃഷി

വകുപ്പുകളുടെ നേതൃത്വത്തിൽ ബാങ്കുകളുമായി ചർച്ച നടത്തുന്നതിന് മന്ത്രിസഭ തീരുമാനമെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കുടിശ്ശികയുണ്ടായിരുന്ന 196 കോടി രൂപയും പ്രകൃതി ദുരന്തങ്ങൾമൂലമുള്ള നഷ്ടപരിഹാരത്തുകയും പൂർണ്ണമായി കർഷകർക്ക് കൊടുത്തു തീർക്കുകയും ഇനി കുടിശ്ശികയുള്ള എല്ലാ തുകയും ഈ സാമ്പത്തിക വർഷം തന്നെ വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. കുരുമുളക്, ഗ്രാമ്പൂ തുടങ്ങിയ എട്ട് വിളകളുടെ നഷ്ടപരിഹാരത്തുക ഇരട്ടിയാക്കാനും പച്ചത്തേങ്ങ കിലോയ്ക്ക് 25 രൂപയിൽത്താഴെയാകുന്നമുറയ്ക്ക് സഹകരണ സംഘങ്ങൾവഴി എല്ലാ പഞ്ചായത്തുകളിലും സംഭരിക്കാനുമാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ദീർഘകാല വിളകൾക്കുള്ള വായ്പകൾ പലിശരഹിതമാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം

അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യൽ

ശ്രീ. പി. കെ. ശശി: സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും മണൽ ശുദ്ധീകരിച്ച് നിർമ്മാണ മേഖലയിൽ ഉപയോഗിക്കുന്നതിനും ജലം ഫലപ്രദമായി വിനിയോഗിച്ച് കാർഷിക മേഖലയുടെ വളർച്ച ഉറപ്പുവരുത്തുന്നതിനും കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും മണലും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ ജലവിഭവ വകുപ്പ് അംഗീകരിച്ച് നടപടി ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഉന്നതാധികാര സമിതി യോഗം ചേർന്ന് ചുള്ളിയാർ, മംഗലം എന്നീ പൈലറ്റ്

പദ്ധതികളുടെ ഡി.പി.ആർ-ൽ ഭേദഗതി ശിപാർശ ചെയ്തിട്ടുണ്ട്. അരുവിക്കര ഡാമിന്റെ സ്ഥാപിത സംഭരണശേഷി വീണ്ടെടുക്കുന്നതിന് വാട്ടർ അതോറിറ്റി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മണൽ നീക്കം ചെയ്യുന്നതിനുള്ള പൈലറ്റ് പദ്ധതികളിൽ ടേൺ കീ, വർക്ക് കോൺട്രാക്ട് എന്നീ രണ്ട് രീതിയിലുള്ള ടെണ്ടർ നടപടികളാണ് സ്വീകരിക്കുന്നത്. മണൽ നീക്കം ചെയ്യുന്നതിനുള്ള ചുമതല പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(2) ആരോഗ്യസ്ഥാപനങ്ങളും അനുബന്ധസംവിധാനങ്ങളും ഏർപ്പെടുത്തൽ

ശ്രീ. ടി. വി. ഇബ്രാഹിം: മലപ്പുറം ജില്ലയിൽ ജനസംഖ്യാനുപാതികമായി ആരോഗ്യസ്ഥാപനങ്ങളും അനുബന്ധ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാർ തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ശരാശരി 7800 പേർക്ക് ഒരു പ്രാഥമികാരോഗ്യ ഉപകേന്ദ്രമെന്ന നിലയിൽ മലപ്പുറം ജില്ലയിൽ 589 സബ് സെന്ററുകളുണ്ടെങ്കിലും ജനസംഖ്യാനുപാതികമായി അവ ക്രമീകരിക്കേണ്ടതുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ ആരോഗ്യമേഖലയിൽ 259 തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും

ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും മഞ്ചേരി മെഡിക്കൽ കോളേജിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ആർദ്രം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ പതിനേഴ് പി.എച്ച്.സി.-കളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പെരിന്തൽമണ്ണ, തിരൂരങ്ങാടി താലൂക്കാശുപത്രികൾക്കായി അനുവദിച്ച ഡയാലിസിസ് കേന്ദ്രങ്ങളുടെ നിർമ്മാണപ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. പൊന്നാനിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വികസനപ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പബ്ലിക് ഹെൽത്ത് ലാബും ആയുഷ് ഹോളിസ്റ്റിക് സെന്ററുകളും എടവണ്ണയിൽ കാൻസർ രോഗനിർണ്ണയ കേന്ദ്രവും നാഷണൽ ആയുഷ്മിഷന്റെ (NAM) കീഴിൽ നിലമ്പൂർ താലൂക്കിൽ ആയുഷ് ഗ്രാമം പദ്ധതിയും ചേലേമ്പ്ര താലൂക്കാശുപത്രിയിലും തെന്നല ആയുർവ്വേദ ഡിസ്പെൻസറിയിലും പാലിയേറ്റീവ് കെയർ സംവിധാനവും ആരംഭിച്ചിട്ടുണ്ട്.

## V സബ്മിഷൻ

### (1) 'നിപ' രോഗബാധിതരെ ചികിത്സിച്ച താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): 'നിപ' രോഗബാധിതരെ ചികിത്സിച്ച താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 'നിപ' നിയന്ത്രണ വിധേയമാക്കുന്നതിൽ സജീവമായി ഇടപെട്ട താല്ക്കാലിക ജീവനക്കാർക്ക് ആശുപത്രി വികസന സമിതി, എൻ.എച്ച്.എം. തുടങ്ങിയവ വഴി തുടർച്ചയായി താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി നൽകാനാണ് തീരുമാനിച്ചത്. നിയമം അനുവദിക്കുന്നപക്ഷം ഇവർക്ക് സ്ഥിര നിയമനം നൽകുന്നതിന് സർക്കാരിന് വിരോധമില്ല. ഫീവർ ക്ലിനിക്കിലും 'നിപ' വാർഡിലും ഐസൊലേഷൻ വാർഡിലും ജോലി ചെയ്തിരുന്ന താല്ക്കാലിക ജീവനക്കാർക്ക് മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനങ്ങളിൽ ഒഴിവ് വരുന്നമുറയ്ക്ക് മുൻഗണന നൽകാൻ തീരുമാനിച്ച് 29 പേരടങ്ങിയ ലിസ്റ്റ് ധനകാര്യ വകുപ്പിൽ അയച്ചെങ്കിലും 2006-ലെ ഉമാദേവി കേസിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്താൻ സാധിക്കില്ലെന്ന മറുപടിയാണ് ലഭ്യമായത്.

## (2) ഫ്ലാറ്റ് സമുച്ചയങ്ങളുടെ ശോചനീയാവസ്ഥ

ശ്രീ. എം. നൗഷാദ്: സുനാമി പുനരധിവാസ പദ്ധതിപ്രകാരം നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സുനാമി പുനരധിവാസ പദ്ധതി തുടർപദ്ധതിയല്ലാത്തതിനാൽ നവീകരണ-നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്ത സാഹചര്യത്തിൽ ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മാലിന്യ നിർമ്മാർജ്ജനവും സെപ്റ്റിക് ടാങ്കുൾപ്പെടെയുള്ള പ്രശ്നങ്ങളും പരിഹരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സുനാമി പുനരധിവാസ പദ്ധതിപ്രകാരം റവന്യൂ വകുപ്പ് നിർമ്മിച്ച കോളനികളിലെ മാലിന്യനിർമ്മാർജ്ജനം, സെപ്റ്റിക് ടാങ്കുൾപ്പെടെയുള്ള പ്രശ്നങ്ങൾ, ചുറ്റുമതിൽ നിർമ്മാണം എന്നിവ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെയും കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പിനെയും ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

## (3) ടി.എൻ.ടി. ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി

ശ്രീ. മുരളി പെരുനെല്ലി: ടി.എൻ.ടി. ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി നടത്തിയ സാമ്പത്തിക തട്ടിപ്പിനെക്കുറിച്ച് അന്വേഷിക്കാൻ സ്പെഷ്യൽ ടീമിനെ

നിയോഗിക്കുന്നതിനും ഇടപാടുകാർക്ക് നഷ്ടപ്പെട്ട പണം തിരിച്ചുകിട്ടുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 33 ബ്രാഞ്ചുകളുണ്ടായിരുന്ന ടി.എൻ.ടി. ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 50 കോടിയിൽപ്പരം രൂപയുടെ തട്ടിപ്പ് നടത്തിയിട്ടുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്. കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ സ്ഥാപനത്തിന്റെയും നടത്തിപ്പുകാരുടെയും പേരിൽ 537 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡയറക്ടർ ബോർഡ് അംഗമായ അനിരുദ്ധനെ അറസ്റ്റ് ചെയ്ത് നിയമനടപടികൾക്ക് വിധേയമാക്കിയിട്ടുള്ളതും ഒളിവിൽപ്പോയ മറ്റ് പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതശ്രമങ്ങൾ നടത്തിവരികയുമാണ്. ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-മാരുടെ നേതൃത്വത്തിൽ അതാത് സ്റ്റേഷനുകളിൽ പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിവരുന്നുണ്ട്. അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറാനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

## (4) എക്കലും ചെളിയും നീക്കം ചെയ്യൽ

ശ്രീ. ജോൺ ഫെർണാണ്ടസ്: കായലുകളിലും പുഴകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): തോപ്പുംപടി ഹാർബറിന് സമീപമുള്ള ബോട്ടുജെട്ടികളിൽ വന്നടിഞ്ഞിട്ടുള്ള എക്കൽ നീക്കം ചെയ്യുന്നതിനായി 22.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തതിനാൽ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇടക്കൊച്ചി മുതൽ പള്ളുരുത്തി വരെയും തേവര, കുമ്പളം ഭാഗങ്ങളിലുമുള്ള ചെളി നീക്കുന്നതിനുള്ള പദ്ധതിക്ക് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. മട്ടാഞ്ചേരി ബോട്ടുജെട്ടിയുടെ മുൻവശത്ത് അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും എക്കലും നീക്കം ചെയ്യുന്നതിനായി 15 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(5) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീമതി ഗീതാ ഗോപി: പൂത്തറക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): മെയിൻ കോൾ ചാലിൽ നിന്നും പൂത്തറക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ലീഡിംഗ് ചാനൽ വരെ പൈപ്പിടുന്ന പ്രവൃത്തിക്ക് ടെണ്ടർ ചെയ്ത് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. ഈ വർഷത്തെ മൺസൂൺ മഴയ്ക്കുശേഷം കൊയ്ത്ത് ആരംഭിക്കുന്നതിനുമുമ്പ് ആഗസ്റ്റ്-സെപ്തംബർ മാസത്തോടെ പൈപ്പ് സ്ഥാപിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടെ ഈ മേഖലയിലെ കിണറുകൾ റീ-ചാർജ്ജ് ചെയ്യുന്നതിന് സഹായകരമാകുന്നതാണ്.

(6) കുടിവെള്ള പദ്ധതി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കുറ്റിപ്പുറം പഞ്ചായത്തിലെ കുടിവെള്ള പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കി ഡിസ്ട്രിബ്യൂഷൻ ലൈൻ പൂർത്തീകരിക്കുകയും ഗ്രാവിറ്റി മെയിൻ മാറ്റി

സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. നിലവിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. പമ്പിംഗ് മെയിനിലെ ലീക്കിന് സ്ഥിരം പരിഹാരമെന്ന നിലയിൽ റെയിൽവേ പാതയ്ക്ക് കുറുകെ നിലവിലെ ലൈനിന് സമാന്തരമായി പൈപ്പ്ലൈൻ പ്രവൃത്തിക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതാണ്.

(7) ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം

ശ്രീ. രാജു എബ്രഹാം: കെ.എസ്.ആർ.ടി.സി. റാന്നി ഓപ്പറേറ്റിംഗ് സെന്ററിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും ചെയിൻ സർവ്വീസ് പുനരാരംഭിക്കുന്നതിനും ദീർഘദൂര സർവ്വീസ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലാണ് റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തിക്കുന്നത്. സർവ്വീസുകൾ ക്രമീകരിച്ചതിനുശേഷം 19 കെ.എസ്.ആർ.ടി.സി. ബസുകളും 2 കെ.യു.ആർ.ടി.സി. ബസുകളുമാണ്

പ്രവർത്തിക്കുന്നത്. 19 ഷെഡ്യൂളുകളിലായി 5100 കിലോമീറ്റർ സർവ്വീസ് നടത്താനാണ് അനുമതി നൽകിയിട്ടുള്ളത്. പ്രളയക്കെടുതിയെത്തുടർന്നുണ്ടായ അറ്റകുറ്റപ്പണികൾ നടന്നുവരികയാണ്. റാന്നി-ചാരുംമൂട്-പന്തളം ചെയിൻ സർവ്വീസും തിരുവല്ല ഡിപ്പോയുമായി ചേർന്ന് റാന്നി-തിരുവല്ല ചെയിൻ സർവ്വീസും ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) പബ്ലിക് ഹെൽത്ത് ആക്ടിന്റെ ആവശ്യകത

ശ്രീ. എൻ. ഷംസുദ്ദീൻ: ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ക്രോഡീകരിച്ച് ഒരു സംസ്ഥാന പൊതു ആരോഗ്യനിയമം നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ച് കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി 2014-ൽ രൂപീകരിച്ച ഡ്രാഫ്റ്റിംഗ് കമ്മിറ്റി കരട് പൊതുജനാരോഗ്യ ബിൽ പരിശോധനയ്ക്കായി നിയമ വകുപ്പിന്

അയച്ചുവെങ്കിലും പഞ്ചായത്ത്‌രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട്, ഫുഡ് സേഫ്റ്റി ആക്ട് എന്നീ മൂന്ന് നിയമങ്ങൾ നിലവിലുള്ളപ്പോൾ സമാന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ നിയമനിർമ്മാണം നടത്തുന്നതിന്റെ സാംഗത്യം പരിശോധിക്കേണ്ടതാണെന്നാണ് അഭിപ്രായപ്പെട്ടത്. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി വിശദമായ ചർച്ചകൾ നടത്തുകയും ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ കരടിൽ പരാമർശിക്കുന്ന അധികാരഘടനയെ കൂടുതൽ വികേന്ദ്രീകൃതമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കൂട്ടിച്ചേർത്തും യോജിക്കാൻ കഴിയാത്ത വ്യവസ്ഥകൾ ഒഴിവാക്കിയും കരടിൽ മാറ്റം വരുത്തേണ്ടതുണ്ട്. ടി കരട് ബിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശോധനയ്ക്കായി അയച്ചുകൊടുത്തിരിക്കുകയാണ്. ഇതുസംബന്ധിച്ച കൂടുതൽ ചർച്ചകൾ നടത്തി തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(9) ഭരണാനുമതി നൽകൽ

ശ്രീ. വി. പി. സജീന്ദ്രൻ: കുന്നത്തുനാട്-പിറവം നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോരങ്കടവ് പാലത്തിന് പുതുക്കിയ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അടിയന്തരമായി നിർമ്മാണം

ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: നടപടികൾ പൂർത്തിയാക്കി പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2009 ജൂലൈ 14-ന് എ.എസ്. നൽകിയ പ്രസ്തുത പ്രവൃത്തിക്കായി ഭൂമി വിട്ടുനൽകാമെന്ന് സ്ഥലമുടമകൾ സമ്മതിച്ച് നിർമ്മാണം ആരംഭിച്ചെങ്കിലും നഷ്ടപരിഹാരം നൽകാത്തതിനെത്തുടർന്ന് തടസ്സപ്പെട്ടുകയുണ്ടായി. 9 കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കി 14.30 കോടി രൂപയായി ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി കൊടുത്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കി ടെണ്ടർ ചെയ്ത് പാലം പണി നടത്താവുന്നതാണ്.

(10) റേഷൻ കാർഡ് അനുവദിക്കൽ

ശ്രീ. സജി ചെറിയാൻ: വാടക വീടുകളിലും താൽക്കാലിക ഷെഡ്ഡുകളിലും താമസിക്കുന്ന കുടുംബങ്ങൾക്ക് റേഷൻ കാർഡ് അനുവദിച്ചുനൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

നിലവിൽ വാടക വീട്ടിൽ താമസിക്കുന്നവർക്ക് വീട്ടുടമസ്ഥന്റെ സമ്മതപത്രമോ താമസ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും സാധുവായ വാടകക്കരാറിന്റെ മാത്രം അടിസ്ഥാനത്തിൽ റേഷൻ കാർഡിന് അപേക്ഷ നൽകാവുന്നതാണ്. ബിൽഡിംഗ് ടാക്സ് രസീത്, വൈദ്യുതി ബിൽ, ലാൻഡ്ഫോൺ ബിൽ തുടങ്ങിയ ഏതെങ്കിലും രേഖകളുടെ പകർപ്പിന്റെ അടിസ്ഥാനത്തിലും അപേക്ഷിക്കാവുന്നതാണ്. പുറമ്പോക്കിൽ ഷെഡ് കെട്ടി താമസിക്കുന്നവർക്കും ബന്ധപ്പെട്ട താലൂക്കിൽ റേഷൻ കാർഡിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷകളിന്മേൽ പൊതുവിതരണ ഉദ്യോഗസ്ഥർ നടത്തുന്ന അന്വേഷണ റിപ്പോർട്ട് അടിസ്ഥാനമാക്കി വീട്ടുനമ്പറിന്റെ സ്ഥാനത്ത് 000 എന്ന് രേഖപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്നുണ്ട്.

## VI പ്രത്യേക പരാമർശം

<u>ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി സംബന്ധിച്ച്</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): മസാല ബോണ്ട് സംബന്ധിച്ച് അടിയന്തരപ്രമേയ ചർച്ചാവേളയിലും ചോദ്യോത്തരവേളയിലും ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ വസ്തുതാവിരുദ്ധവും യാഥാർത്ഥ്യവുമായി ബന്ധമില്ലാത്തവയുമായതിനാൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>):

അടിസ്ഥാനരഹിതമായ ആക്ഷേപങ്ങളാണ് ഉന്നയിച്ചത്. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. അസറ്റ് മാനേജേഴ്സ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിംഗ്, പ്രൈവറ്റ് വെൽത്ത് മാനേജേഴ്സ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ. ഉൾപ്പെടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിട്ടുള്ളത്. നിക്ഷേപകരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ബോണ്ടുകളുടെ ട്രേഡിംഗിന് ഗുണകരമല്ല. സംസ്ഥാന സർക്കാരുകൾക്കോ സർക്കാർ ഏജൻസികൾക്കോ സെബി മാനദണ്ഡപ്രകാരം മുനിസിപ്പൽ ബോണ്ടുകൾ പുറപ്പെടുവിക്കാൻ സാധിക്കില്ല. മസാല ബോണ്ടിലൂടെ സമാഹരിച്ച 2150 കോടി രൂപ കിഫ്ബി അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. മസാല ബോണ്ട് പുറത്തിറക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എൻ.ഒ.സി. നൽകുകയും ഇ.സി.ബി. നമ്പർ അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. മസാല ബോണ്ട് സംസ്ഥാനത്തിന്റെ ആവശ്യമായി കണ്ടുകൊണ്ട് വിവാദങ്ങൾ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## VII ധനകാര്യം

2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്
(2756,17,00,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ
(97,70,94,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും
(376,66,41,000 രൂപ)

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. എ. പ്രദീപ്കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമെന്ന ബഹുമതിയുൾപ്പെടെ ദേശീയവും അന്തർദ്ദേശീയവുമായ പുരസ്കാരങ്ങൾ പോലീസ് സേനയെ തേടിയെത്തിയതുവഴി ക്രമസമാധാനപാലനത്തിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയാണ്. പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം 25 ശതമാനമാക്കിയതും പുതിയ പോലീസ് സ്റ്റേഷനുകളും സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ പുതിയ യൂണിറ്റുകൾ ആരംഭിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് സേനയിൽ നിയമനം നൽകിയതും ഫയർഫോഴ്സിൽ വനിതകളെ നിയമിക്കുന്നതിനുള്ള നടപടികളാരംഭിച്ചതും ശ്ലാഘനീയമാണ്. പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനും ജയിലുകൾ പരിഷ്കരിക്കുന്നതിനും നടപടികളാരംഭിച്ചു. ജയിൽ വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആരംഭിച്ചതും തടവുകാർക്ക് സർട്ടിഫിക്കറ്റോടുകൂടിയ തൊഴിൽ പരിശീലനവും ജയിൽ മോചിതരാകുന്ന വനിതകളെ പുനരധിവസിപ്പിക്കാൻ 'പ്രതീക്ഷ' എന്ന പദ്ധതി ആരംഭിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. കെ. സി. ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട

കേസന്വേഷണങ്ങൾ ശരിയായ രീതിയിൽ നടക്കുന്നില്ലെന്നുമാത്രമല്ല സി.പി.ഐ(എം)-ന് പങ്കുള്ള കൊലപാതകങ്ങളുടെ അന്വേഷണം അട്ടിമറിക്കുന്നതിനും പ്രതികൾക്ക് തുടർച്ചയായി പരോൾ അനുവദിക്കുന്നതിനും ജയിലിൽ പ്രത്യേക സുഖസൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് നടന്നുവരുന്നത്. രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കുന്നതിനും കേസന്വേഷണങ്ങൾ കാര്യക്ഷമമാക്കുന്നതിനും സർക്കാർ തയ്യാറാകണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാനപാലനത്തിൽ രാജ്യത്തിന് മാതൃകയാകുന്ന നിലയിൽ നിരവധി അവാർഡുകൾ നേടിയെടുക്കുന്നതിന് കേരള പോലീസിന് സാധിച്ചിട്ടുണ്ട്. പോലീസ് സേനയിൽ പട്ടികവർഗ്ഗക്കാരുടെയും വനിതകളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുന്നതിനും സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനും സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. അഴിമതിക്കാരായ പോലീസുകാർക്കെതിരെ കർശന നടപടി സ്വീകരിച്ചതിനുപുറമെ ദാസ്യപ്പണി, മൂന്നാംമുറ തുടങ്ങിയവ അവസാനിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പ്രൊഫഷണൽ യോഗ്യതയുള്ള പോലീസുകാരെ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള മേഖലകളിൽ

നിയമിക്കുന്നതിനുള്ള തീരുമാനം കാര്യക്ഷമത വർദ്ധിപ്പിക്കുന്ന നടപടിയാണ്. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പോലീസ് സേന വഹിച്ച പങ്കും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി സ്വീകരിക്കുന്ന നടപടികളും ജനമൈത്രി പോലീസ് എന്ന ആശയം അന്വർത്ഥമാക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പോലീസ് അതിക്രമങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. കല്ലായിയിൽ ആദിവാസി യുവതിയുടെ വീട്ടുതടങ്കലുമായി ബന്ധപ്പെട്ട പരാതിയിന്മേൽ നടപടിയുണ്ടാകണം. പോലീസ് സേനയുടെ പ്രവർത്തനം നിഷ്പക്ഷവും കാര്യക്ഷമവുമായിരിക്കണം. കമ്മീഷണറേറ്റ് രൂപീകരിച്ച് കളക്ടറുടെ അധികാരം പോലീസിനെ ഏൽപ്പിക്കാനുള്ള നീക്കം ഉപേക്ഷിക്കണം.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സുഗമമായ ഗതാഗത സൗകര്യത്തിനുവേണ്ടി റോഡിന്റെ വീതി കൂട്ടാനും പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ സ്റ്റേഷൻ പരിസരത്തുനിന്നും മാറ്റാനും നടപടി സ്വീകരിക്കണം. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പോലീസ് സേനയിലേയ്ക്ക് റിക്രൂട്ട് ചെയ്ത നടപടി ശ്ലാഘനീയമാണ്. പോലീസ് ക്വാർട്ടേഴ്സ് വിപുലപ്പെടുത്താനും ജയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും പോലീസ് വകുപ്പിനെ നവീകരിക്കാനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്.

ശ്രീ. പി. സി. ജോർജ്: ഈരാറ്റുപേട്ടയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കാനും പോലീസ് സ്റ്റേഷന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായ സ്ഥലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനും സ്റ്റുഡന്റ് പോലീസ് കേഡറ്റ് എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എൻ. വിജയൻ പിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകൃതിദുരന്തത്തെ അതിജീവിക്കാൻ കഴിഞ്ഞതും നിപ പോലുള്ള പകർച്ചവ്യാധികൾ വ്യാപിക്കാതിരിക്കാൻ സ്വീകരിക്കുന്ന ജാഗ്രതയും ശ്ലാഘനീയമാണ്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിലുള്ള പോലീസിന്റെ സമീപനം എടുത്തുപറയേണ്ടതാണ്. സൈബർ കേസന്വേഷണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ലഭിച്ച അന്താരാഷ്ട്ര അംഗീകാരങ്ങൾ അഭിമാനാർഹമാണ്.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. ക്രമസമാധാന പരിപാലനത്തിൽ സംസ്ഥാനം മുൻപന്തിയിലാണ്.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസിന്റെ

ഇടപെടൽ ശക്തിപ്പെടുത്തുന്നതിനും പോലീസ്, ട്രാഫിക് പോലീസ് തസ്തികകളിലെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ആഭ്യന്തര വകുപ്പിനായി നീക്കിവയ്ക്കുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധിക്കണം. കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും കേസന്വേഷണത്തിലെ കാലതാമസവും അനിശ്ചിതാവസ്ഥയും പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇന്റലിജൻസ് വിംഗ് ശക്തിപ്പെടുത്തി മാഫിയ സംഘങ്ങളെ അമർച്ച ചെയ്യണം. മദ്യം, മയക്കുമരുന്ന് വ്യാപനം എന്നിവ തടയാൻ സ്കൂളുകളിൽ എസ്.പി.സി. വ്യാപകമാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബാബു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൊലപാതകം, അക്രമം, അഴിമതി എന്നിവയിലുണ്ടായ കുറവ് സംസ്ഥാന ക്രമസമാധാന നിലയുടെ ഭദ്രതയെയാണ് സൂചിപ്പിക്കുന്നത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടപ്പോഴും 2019-20 കാലയളവിൽ പോലീസ് സേനയുടെ

ആധുനികവൽക്കരണത്തിന് 179 കോടി രൂപ മാറ്റിവച്ചതും ജനസംഖ്യാനുപാതികമായി പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതും താൽക്കാലിക തസ്തികകൾ നിലനിർത്തിയതും വനിതാ പോലീസ് സേനാംഗങ്ങളുടെ എണ്ണം 25 ശതമാനമാക്കി വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. ആൾക്കൂട്ട കൊലപാതകത്തിനിരയായ അട്ടപ്പാടിയിലെ മധുവിന്റെ സഹോദരിയുൾപ്പെടെയുള്ള ആദിവാസി സമൂഹത്തിൽപ്പെട്ട 74 പേരെ പ്രത്യേക നിയമനം വഴി പോലീസ് സേനയുടെ ഭാഗമാക്കിയതും പ്രളയരക്ഷാ പ്രവർത്തനങ്ങളിൽ പങ്കെടുത്ത 179 മത്സ്യത്തൊഴിലാളികൾക്ക് കോസ്റ്റ് ഗാർഡ് തസ്തികയിൽ നിയമനം നൽകിയതും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കായി പിങ്ക് പട്രോൾ സംവിധാനം വ്യാപിപ്പിക്കാനും ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ 54 എണ്ണമായി ഉയർത്താനും സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ട്രാഫിക് കേസ് സംബന്ധമായ അന്വേഷണം ലോക്കൽ പോലീസിന് കൈമാറിയും ട്രാഫിക് സ്റ്റേഷനുകൾ, ട്രാഫിക് യൂണിറ്റുകൾ എന്നിവ ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനത്തിലേയ്ക്ക് കൊണ്ടുവന്ന് പ്രവർത്തനം

കാര്യക്ഷമമാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. നെന്മാറയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. തിരുവനന്തപുരം, കൊച്ചി കേന്ദ്രങ്ങളായി പോലീസ് കമ്മീഷണറേറ്റുകൾ സ്ഥാപിച്ചത് ശ്ലാഘനീയമാണ്.

ശ്രീ. പി. ടി. എ. റഹീം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുന്നമംഗലം നിയോജകമണ്ഡലത്തിലെ പന്തീരൻകാവിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിച്ചതും മാവൂരിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പ്രഥമ പരിഗണന നൽകി ഉത്തരവിറക്കിയതും അഭിനന്ദനാർഹമാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ചതും മത്സ്യത്തൊഴിലാളികളേയും ആദിവാസി ജനവിഭാഗത്തേയും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിയതും സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീമതി യു. പ്രതിഭ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ സാധിച്ചതും പോലീസ് വകുപ്പിലെ സംവിധാനങ്ങളെല്ലാം ഓൺലൈനാക്കി മാറ്റിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണം. സ്ത്രീ സുരക്ഷയ്ക്കായി 24 മണിക്കൂറും

പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ, പിങ്ക് പോലീസ് അടക്കമുള്ള സംവിധാനങ്ങൾ, അക്രമ സാഹചര്യങ്ങൾ തിരിച്ചറിയാനും ആത്മവിശ്വാസത്തോടെ നേരിടാനും സ്ത്രീകളെ പ്രാപ്തരാക്കാൻ സ്വയംപ്രതിരോധ പരിശീലന പരിപാടി എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. 177 തീരദേശ മത്സ്യത്തൊഴിലാളികളെ കോസ്റ്റ് ഗാർഡുമാരായി നിയമിക്കുന്നതിനും ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ പോലീസ് സേനയുടെ ഭാഗമാക്കുന്നതിനുമുള്ള നടപടി അഭിനന്ദനാർഹമാണ്. ലൈഫ് പദ്ധതിയിലൂടെ ഒന്നരലക്ഷം വീടുകൾ പൂർത്തീകരിക്കാനും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച് നൽകാനും ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സൈബർ രംഗത്ത് കാര്യക്ഷമമായി ഇടപെടുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ പേരിൽ വിദ്യാഭ്യാസ മേഖലയെ തകർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കവർച്ചാ കേസ്സുകൾക്ക് തുമ്പുണ്ടാക്കാൻ ഇതുവരെ പോലീസിന് സാധിച്ചിട്ടില്ല. പോലീസ് ആക്ടിൽ അസോസിയേഷനുകൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടെങ്കിലും അതുസംബന്ധിച്ച റൂൾ ഫ്രെയിം

ചെയ്യാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പോലീസ് വകുപ്പിലെ വാഹനങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കാനും മെയിന്റനൻസ് തീരുമാനിക്കാനും ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗിൽ ബിരുദം നേടിയ എസ്.ഐ.-മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. സ്വരാജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും 25% വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസിലും ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ ആശ്രിതരായ 200 പേർക്ക് തീരദേശ പോലീസിലും നിയമനം നൽകിയിട്ടുണ്ട്. തീരദേശത്ത് 4 പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുകയും സൈബർ ഫോറൻസിക് ലാബ് ഉൾപ്പെടുന്ന ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളുടെ എണ്ണം 54 ആക്കി വർദ്ധിപ്പിക്കുന്നതിനും അഞ്ച് നഗരങ്ങളിൽ എമർജൻസി റെസ്പോൺസ് സിസ്റ്റം യാഥാർത്ഥ്യമാക്കുന്നതിനും സാധിച്ചു. ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഗാന്ധിജയന്തി ദിനത്തിൽ ഉദ്ഘാടനം ചെയ്യാൻ

തീരുമാനിച്ചിരിക്കുകയാണ്. അന്യസംസ്ഥാനങ്ങളിൽ ആഡംബര വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത് അവസാനിപ്പിച്ചതുവഴി നികുതിയിനത്തിലുള്ള നഷ്ടം കുറയ്ക്കുന്നതിനും കേസ്സുകളിൽ ഉൾപ്പെടുന്നവർക്കെതിരെ നടപടിയെടുക്കുന്നതിനും കുറ്റകൃത്യങ്ങളുടെയും കൊലപാതകങ്ങളുടെയും അബ്കാരി കേസ്സുകളുടെയും എണ്ണം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്. അഴിമതിരഹിതവും മതനിരപേക്ഷവുമായ നിലപാട് ഉയർത്തിപ്പിടിച്ച് ഇടതുപക്ഷം ശക്തമായി തിരിച്ചുവരും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസ് സ്റ്റേഷൻ ചുമതല സി.ഐ.-മാർക്ക് നൽകിയതടക്കമുള്ള പുതിയ സംവിധാനത്തിൽ പോലീസുദ്യോഗസ്ഥർ അസംതൃപ്തരാണ്. ദുരഭിമാനക്കൊലക്കേസിൽ ആരോപണവിധേയനായ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്ത് ലോക്കപ്പ് മരണങ്ങൾ വർദ്ധിച്ചുവരികയാണ്. ബാലഭാസ്കറിന്റെ അപകടമരണവുമായി ബന്ധപ്പെട്ട് ഹൈവേ പോലീസിന്റെ വീഴ്ച പരിശോധിക്കണം. സ്വർണ്ണക്കടത്തുകേസുകളിൽ ശരിയായ അന്വേഷണം നടത്തുന്നതിന് സർക്കാർ തയ്യാറാകണം. പോലീസ് സേനയിലെ

ക്രിമിനലുകളെ നിലയ്ക്കുനിർത്താൻ സർക്കാരിന് കഴിയുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രമാദമായ പല കേസ്സുകളിലേയും പ്രതികളെ കണ്ടെത്താനും ജയിലിലടയ്ക്കാനും സാധിച്ചത് പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാനും അവരുടെ മികവ് തെളിയിക്കാനുമുള്ള സാഹചര്യവും സ്വാതന്ത്ര്യവും ഉണ്ടെന്നതിന്റെ തെളിവാണ്. ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്നവർക്ക് നിയമപ്രകാരം ലഭിക്കേണ്ട പരോൾ മാത്രമാണ് അനുവദിക്കുന്നത്; മറിച്ചുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. തീവ്രവാദം, സ്വർണ്ണക്കടത്ത് എന്നിവയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കും. തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളിലും ആന്റി ടെററിസ്റ്റ് സ്ക്വാഡും ഇന്റേണൽ സെക്യൂരിറ്റി സെല്ലും രൂപീകരിച്ചിട്ടുണ്ട്. ക്രമസമാധാനരംഗത്ത് കേരളം മുൻപന്തിയിലാണെന്ന കാര്യത്തിൽ സംശയമില്ല. കൊച്ചി, തിരുവനന്തപുരം സിറ്റികളിൽ പോലീസ് കമ്മീഷണറേറ്റ് രൂപീകരിക്കുന്നതാണ്. 2017 മുതൽ 2019 വരെ 882 കോമ്പിംഗ് ഓപ്പറേഷൻസ് നടത്തുകയും 236 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുകയും മാവോയിസ്റ്റ് പ്രവർത്തകരെ നിയമനടപടിക്ക് വിധേയരാക്കുകയും ചെയ്തിട്ടുണ്ട്. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന 44 ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ സംസ്ഥാനത്ത്

പ്രവർത്തിക്കുന്നുണ്ട്. റോഡപകടങ്ങൾക്ക് സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി ബ്ലാക്ക് സ്പോട്ടുകളായി തിരിച്ച് ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ നിയമലംഘനം കണ്ടെത്തുന്നതിനായി 'ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് ' കേരള എന്ന പേരിൽ ഒരു ബൃഹത് പദ്ധതി നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ട്. ബാലഭാസ്കറിന്റെ അപകടമരണവുമായി ബന്ധപ്പെട്ട കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയാണ്. പോലീസുദ്യോഗസ്ഥരുടെ പോസ്റ്റൽ ബാലറ്റുമായി ബന്ധപ്പെട്ട കേസിലുൾപ്പെട്ട വൈശാഖിനെ അറസ്റ്റ് ചെയ്ത് നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ച് അന്വേഷണം നടത്തിവരുന്നു. അക്രമികൾക്കും മയക്കുമരുന്നു മാഫിയാ സംഘങ്ങൾക്കുമെതിരെ കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ലാ ആന്റ് ഓർഡറും കേസന്വേഷണവും നടത്തുന്നതിന് പ്രത്യേകം എസ്.ഐ.-മാരുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ പോലീസ് സ്റ്റേഷനുകളിൽ സമഗ്രമായ മാറ്റം കൊണ്ടുവരാനാണുദ്ദേശിക്കുന്നത്. പി.എസ്.സി. മുഖാന്തിരം 103567 പേർക്ക് അഡ്വൈസ് മെമ്മോ നൽകുകയും 17916 തസ്തികകൾ സൃഷ്ടിക്കുകയും ഓരോ വകുപ്പിലുമുണ്ടാകുന്ന ഒഴിവുകൾ പത്ത് ദിവസത്തിനുള്ളിൽ റിപ്പോർട്ട്

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും 33-നെതിരെ 78 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.21-ന് പിരിഞ്ഞു.